പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.360 28.05.2019 ൽ മറുപടിയ്ക്ക്

പ്രളയത്തെത്തുടർന്ന് കേടായ ഭക്ഷ്യധാന്യങ്ങൾ

ചോദ്യം
ശ്രീ.അടൂർ പ്രകാശ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രളയത്തെത്തുടർന്ന് എത്ര ടൺ ഭക്ഷ്യധാന്യമാണ് ഭക്ഷ്യയോഗ്യമല്ലാതായതായി കണക്കാക്കിയിട്ടുള്ളത്; | (എ) | സപ്ലൈകോ ഡിപ്പോകളിലും വില്പനശാലകളിലുമായി ഏകദേശം 316 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളും സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ 1693.801 ടൺ ഭക്ഷ്യധാന്യങ്ങളും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ 21780.811 മെട്രിക് ടൺ നെല്ലും 26148.239 മെട്രിക് ടൺ അരിയും ഭക്ഷ്യ യോഗ്യമല്ലാതായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കേടായ ഭക്ഷ്യധാന്യങ്ങൾ മുഴുവൻ ഗോഡൗണുകളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ടൺ ഇപ്രകാരം നീക്കം ചെയ്തു; | (ബി) | ഇല്ല. കേടായ ഭക്ഷ്യധാന്യങ്ങളിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്ന് 1406.869 ടൺ ഭക്ഷ്യ ധാന്യങ്ങളും സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ നിന്ന് 21335.484 മെട്രിക് ടൺ നെല്ലും 25257.779 മെട്രിക് ടൺ അരിയും നീക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഭക്ഷ്യയോഗ്യമല്ലാതായതായി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ കാണിച്ച അളവിനേക്കാൾ കുറഞ്ഞ അളവിലുള്ള ധാന്യമാണ് നീക്കം ചെയ്തത് എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ? | (സി) | ആഗസ്റ്റ് 2018 ലെ പ്രളയത്തിൽ സപ്ലൈകോയുമായി കരാറിലുള്ള മില്ലുകളിലെ അരിയും, നെല്ലും ഭക്ഷ്യയോഗ്യമല്ലാതായി, പ്രാഥമിക കണക്കുപ്രകാരം 26131.61 ടൺ അരിയും 24216.19 മെട്രിക് ടൺ നെല്ലും ഉൾപ്പെടെ 50347.80 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമല്ലാതായതായി സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെയും, ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നല്ല അരി പൊതുവിതരണത്തിലേക്ക് വിതരണം ചെയ്തതിനുശേഷം ഇത് 47929.05 മെട്രിക് ടൺ ആയി കുറഞ്ഞിട്ടുണ്ട്. (നെല്ല് – 21780.811 മെട്രിക് ടൺ, അരി – 26148.239 മെട്രിക് ടൺ) ഇതിൽ 43 കിലോഗ്രാം, 81 കിലോഗ്രാം എന്നീ വളരെ ചെറിയ അളവ് കേടായ നെല്ല് മാത്രം സ്റ്റോക്കുണ്ടായിരുന്ന 2 മില്ലുകളിലെ പ്രസ്തുത |

| | | | |
|---|---|---|---|
| | | | നെല്ലിന്റെ തൂക്കം കണക്കാക്കാതെ കുറവുചെയ്ത് 47928.926 മെട്രിക് ടൺ കേടായ ഭക്ഷ്യധാന്യത്തിനാണ് റിലീസ് ഓർഡർ നൽകിയത്. കൂടാതെ വിവിധ മില്ലുകളിലായി ആകെ 900 മെട്രിക് ടൺ കേടായ നെല്ലും 15 മെട്രിക് ടൺ കേടായ അരിയും അധികം സ്റ്റോക്കുണ്ടായതായി ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ /പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ടി അളവ് ഭക്ഷ്യധാന്യം വിട്ടെടുക്കുന്നതിനും റിലീസ് ഓർഡർ നൽകിയിട്ടുണ്ട്. ഇങ്ങനെ അധിക അളവിന് റിലീസ് ഓർഡർ നൽകിയത് ഉൾപ്പെടെ 48843.926 മെട്രിക് ടൺ ഭക്ഷ്യധാന്യം നീക്കം ചെയ്യാൻ റിലീസ് ഓർഡർ നൽകിയതിൽ നിന്ന് വിവിധ മില്ലുകളിലായി ഭക്ഷ്യധാന്യത്തിന്റെ സ്റ്റോക്കിൽ ആകെ കുറവുകണ്ട 1859.383 മെട്രിക് ടൺ കിഴിച്ച് 46984.543 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ഇ-ടെണ്ടർ മുഖേന നീക്കം ചെയ്തത്. |

സെക്ഷൻ ഓഫീസർ